15 -ാം കേരള നിയമസഭ

11 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1273 — 19-06-2024 - ൽ മറുപടിയ്ക്ക്

## ഷൊർണ്ണൂർ മണ്ഡലത്തിലെ അടയ്ക്കാപുത്തൂർ കരണംകാട്ടിൽ ലിങ്ക് റോഡ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഷൊർണ്ണൂർ മണ്ഡലത്തിലെ വെള്ളിനേഴി ഗ്രാമപഞ്ചായത്തിലെ അടയ്ക്കാപുത്തൂർ കരണംകാട്ടിൽ ലിങ്ക് റോഡ് നിർമ്മാണത്തിന്റെ പുരോഗതി വിശദമാക്കാമോ; | (എ) | വെള്ളിനേഴി ഗ്രാമപഞ്ചായത്തിന് 2022-23 വർഷത്തെ എം.എൽ.എ ഫണ്ടിൽ നിന്നും അടക്കാപുത്തൂർ കരണംകാട്ടിൽ ലിങ്ക് റോഡ് നിർമ്മാണത്തിന് തുക അനുവദിച്ചിരുന്നു. ആയതിന്റെ നിർവഹണത്തിന്റെ ഭാഗമായി 51.96 സെന്റ് കൃഷിഭൂമി പരിവർത്തനം ചെയ്യേണ്ട ആവശ്യകത ഉള്ളതിനാൽ സംസ്ഥാന തല നിരീക്ഷണസമിതിയുടെഅനുമതിക്കായി സമർപ്പിച്ചിരുന്നു. എന്നാൽ അനുമതി ലഭ്യമായിരുന്നില്ല. ഈ റോഡിന്റെ നിർമ്മാണം നടത്തുന്നതിന് പ്രദേശവാസികൾ പഞ്ചായത്തിൽ പരാതി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ അനുമതി നിരസിച്ച ഉത്തരവ് ഗ്രാമപഞ്ചായത്ത് ഭരണസമിതി പരിശോധിക്കുകയും ഉത്തരവ് പുനപരിശോധിക്കുന്നതിനും നിലം പരിവർത്തനപ്പെടുത്തുന്നതിനുള്ള അനുമതിക്കും -ബഹു.കൃഷിവകുപ്പ് മന്ത്രിക്ക് എ4.3225/23 തീയതി 18.09.2023 പ്രകാരം കത്ത് സമർപ്പിച്ചിരുന്നു. ഇതിന് അനുമതി ലഭ്യമാകുന്ന മുറയ്ക്ക് റോഡ് നിർമ്മാണപ്രവർത്തനം ആരംഭിക്കാൻ സാധ്യമാകുന്നതാണ്. |
| (ബി) | ചെർപ്പുളശ്ശേരി നഗരസഭയിലെ കാറൽമണ്ണക്കാളിക്കടവ് പ്രദേശത്തെയും മലപ്പുറം ജില്ലയിലെ ആലിപ്പറമ്പ് പഞ്ചായത്തിനെയും ബന്ധിപ്പിക്കുന്ന തൂതപ്പുഴയ്ക്ക് കുറുകെ കാളിക്കടവ് പാലം നിർമ്മിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കാമോ? | (ബി) | ചെർപ്പുളശ്ശേരി നഗരസഭയിലെ കാറൽമണ്ണക്കാളിക്കടവ് പ്രദേശത്തെയും മലപ്പുറം ജില്ലയിലെ ആലിപ്പറമ്പ് പഞ്ചായത്തിനെയും ബന്ധിപ്പിക്കുന്ന കാളിക്കടവ് പാലം നിർമ്മിക്കണം എന്ന് നിർദ്ദേശം ഉയർന്നിട്ടുണ്ട്. ഇതിന്റെ ഭാഗമായി ബഹു. ഷൊർണ്ണൂർ എം.എൽ.എ. ശ്രീ. പി. മമ്മിക്കുട്ടി, ബഹു.പെരിന്തൽമണ്ണ എം.എൽ.എ.ശ്രീ.നജീബ് കാന്തപുരം എന്നിവർ സംയുക്തമായി **22.01.2024 –** ന് ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത് ഹാളിൽ യോഗം ചേരുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട പാലത്തിനും അനുബന്ധ റോഡിനും ആവശ്യമായി വരുന്ന സ്ഥലം സ്വകാര്യ വ്യക്തികളിൽ |

| | | | |
|---|---|---|---|
| | | | നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്ഥലം എം.എൽ.എ. മാരുടെ നേതൃത്വത്തിലും അതാത് പഞ്ചായത്ത്, നഗരസഭ എന്നിവയുടെ ഉത്തരവാദിത്തത്തിലും ഏറ്റെടുത്ത് കൈമാറുന്നതിനുള്ള തീരുമാനമെടുത്തു. പാലത്തിന്റെ ഡിസൈൻ ലഭ്യമാക്കുന്നതിനായി അഡീഷണൽ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുള്ള എസ്റ്റിമേറ്റ് പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ